# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4054

**20-03-2018 ൽ മറുപടിയ്ക്ക്**

## കർഷകർക്ക് സൗജന്യ വൈദ്യുതി

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എത്ര കർഷകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ സൗജന്യ വൈദ്യുതി നൽകിവരുന്നത്; അറിയിക്കാമോ; | (ബി) | 84035 നെൽകർഷകരും 1,96,116 കരകൃഷി ചെയ്യുന്നവരും 265 പോളിഹൗസ് കൃഷി ചെയ്യുന്നവരും ഉൾപ്പെടെ സംസ്ഥാനത്താകെ 2,80,416 കർഷകർക്ക് കാർഷിക സൗജന്യ വൈദ്യുതി ആനുകൂല്യം നൽകി വരുന്നുണ്ട്. |
| (സി) | കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുക വഴി എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | കാർഷിക സൗജന്യ വൈദ്യുതി നൽകുന്നത് വഴി 2,04,296.4061 ഹെക്ടറിൽ ജലസേചനം ലഭ്യമാക്കാൻ കഴിയുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഒരു വർഷം എത്ര കോടി രൂപ ഈ ഇനത്തിൽ കൃഷി വകുപ്പിന് ചെലവ് വരുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | 3443 ലക്ഷം രൂപ ചെലവ് വരുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനായി 01.08.1995 മുതൽ ഭൂപരിധിയില്ലാതെ നെൽ കൃഷിയ്ക്കും (ജി.ഒ.(എം.എസ്) നമ്പർ 311/95/കൃഷി, തീയതി: 31.08.1995), 01.04.1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിയ്ക്കും (ജി.ഒ.(എം.എസ്) നമ്പർ 235/98/കൃഷി, തീയതി: 31.10.1998) സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. 2015-16 വർഷം മുതൽ 1 മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസ് കൃഷിയ്ക്കും പ്രതിമാസം 50 യൂണിറ്റ് വരെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം സർക്കാർ ഉത്തരവ് (സാധാ) നം.945/15/എഡി, തീയതി: 25.05.2015 പ്രകാരം അനുവദിച്ചു വരുന്നു.<br>പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ അനുവദിയ്ക്കുന്നതിനായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75% -ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.<br>2) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.<br>3) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ. |

സെക്ഷൻ ഓഫീസർ